പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2242 — 11.06.2018 -ൽ മറുപടിക്ക്

## വിശപ്പ് രഹിത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റോജി എം. ജോൺ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** ഇ-പോസ് മെഷീൻ നടപ്പിലാക്കിയത് മൂലം സംസ്ഥാനത്തെ റേഷൻ കടകളിൽ മിച്ചം വരുന്ന അരി വിശപ്പ് രഹിത പദ്ധതിയ്ക്ക് നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ; | **(എ)** ഇല്ല. |
| **(ബി)** ഇക്കാര്യത്തിനായി ഏതെങ്കിലും സർക്കാരിതര സംഘടനകളെ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ ; | **(ബി)** ആലപ്പുഴ ജില്ലയിൽ വിശപ്പ് രഹിത കേരളം പദ്ധതിയ്ക്ക് അടുക്കള സംവിധാനം സ്വന്തമായി ഉണ്ടാകുന്നതുവരെ ആഹാരം പാചകം ചെയ്തു നല്കുന്നതിന് സ്നേഹജാലകം എന്ന സന്നദ്ധ സംഘടനയെ തിരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ കിടപ്പ് രോഗികളായവരുടെ വീട്ടുകളിൽ ആഹാരം എത്തിച്ച് നല്കുന്നതിന് അത്താഴക്കൂട്ടം, സ്നേഹപൂർവ്വം എന്നീ സന്നദ്ധ സംഘടനകളേയും തിരഞ്ഞെടുത്തിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വാർഡുകളിൽ വാർഡ് കൗൺസിലർമാരുടെ സേവനവും പ്രയോജനപ്പെടുത്തുന്നുണ്ട്. |
| **(സി)** 2018-19 ലെ ബജറ്റിൽ വിശപ്പ് രഹിത പദ്ധതിയ്ക്ക് എന്ത് തുകയാണ് നീക്കി വച്ചിട്ടുള്ളത്; സർക്കാരിതര സംഘടനകൾക്ക് ഈ പദ്ധതി നടപ്പിലാക്കുന്നതിനായി എന്ത് തുകയാണ് അനുവദിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ ? | **(സി)** 14 കോടി രൂപ നടപ്പ് വർഷത്തെ ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ